# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 978 12/12/2012-ൽ മറുപടിക്ക്

## ആദിവാസി യുവാക്കൾക്ക് ജോലി നൽകുന്നതിനുള്ള ബദൽ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പറമ്പിക്കുളത്തെ ആദിവാസി യുവാക്കൾ വർഷങ്ങളായി ചെയ്തുകൊണ്ടിരുന്ന ടൂറിസ്റ്റ്ഗൈഡ് തസ്തിക നിലവിൽ ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഇല്ല. പറമ്പിക്കുളത്തെ ആദിവാസികൾ വർഷങ്ങളായി വനം വകുപ്പിന്റെ നിയന്ത്രണത്തിൽ ടൂറിസ്റ്റ് ഗൈഡുകളായി ജോലി ചെയ്തു വരുന്നുണ്ട്. എന്നാൽ ഇതിലേക്കായി പ്രത്യേക തസ്തികകൾ ഒന്നും തന്നെ നിലവിലില്ല. |
| ബി | തൊഴിൽരഹിതരായ ആദിവാസി യുവാക്കൾക്ക് ജോലി നൽകുന്നതിനുള്ള ബദൽ സംവിധാനം പരിഗണനയിൽ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി | 25.07.2012 മുതൽ 26.11.2012 വരെ ടൂറിസ്റ്റുകളുടെ വരവ് ഈ മേഖലയിൽ നിയന്ത്രിച്ചതിനെ തുടർന്ന് ടി കാലയളവിൽ ഗൈഡുകൾക്ക് തൊഴിലില്ലാത്ത അവസ്ഥ നിലനിന്നുവെങ്കിലും 27.11.2012 മുതൽ നിയന്ത്രണങ്ങൾ നീക്കിയതിനെത്തുടർന്ന് ഈ മേഖലയിൽ വിനോദസഞ്ചാരികൾ വന്ന് തുടങ്ങിയതിനാൽ ടൂറിസ്റ്റ് ഗൈഡുകളായ ആദിവാസി യുവാക്കളുടെ തൊഴിലില്ലാത്ത അവസ്ഥ മാറിയിട്ടുണ്ട്. |

R.

**സെക്ഷൻ ഓഫീസർ**